"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജൈവ കാർഷിക മിഷൻ രൂപീകരിച്ചും പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ.(കൈ) നം.102/2023/AGRI തീയതി,തിരുവനന്തപുരം, 26-10-2023

---

പരാമർശം:-

1. സ.ഉ.(അച്ചടി) നം.39/2010/കൃഷി, തീയതി 10/02/2010
2. കൃഷി ഡയറക്ടറുടെ 02/04/2022, 19/05/2022, 25/05/2022 തീയതികളിലെ റ്റി.എഫ്(2)/7354/2021 നമ്പർ കത്ത്.
3. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്-ന്റെ 02/02/2023-ലെ എസ്.പി.ബി/185/2023-കൃഷി നമ്പർ കത്ത്.
4. കൃഷി ഡയറക്ടറുടെ 06/05/2023 തീയതിയിലെ ADFW/4956/2023-TF2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാന കാർഷിക പാരിസ്ഥിതിക വ്യവസ്ഥയെ സുസ്ഥിരവും സജീവവുമാക്കി വിഷമുക്തമായ മണ്ണ്, ജലം, ഭക്ഷണം എന്നിവ ഉറപ്പാക്കുന്നതിന്റെ ഭാഗമായി 2010-ൽ പരാമർശം (1) -ലെ ഉത്തരവ് പ്രകാരം സർക്കാർ പുതുക്കിയ ജൈവ കാർഷിക നയം അംഗീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ജൈവ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ തനത് പദ്ധതികൾ ആവിഷ്കരിക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയും ചെയ്തു വരുന്നു.

2. കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിനായുള്ള "കാർബൺ തുലിത കൃഷി", കേന്ദ്രം നടപ്പിലാക്കുന്ന "നാച്ചുറൽ ഫാമിംഗ്" എന്നീ പദ്ധതികൾക്കൊപ്പം ജൈവ കാർഷിക മേഖലയിൽ കൂടുതൽ ശക്തമായ ഇടപെടൽ നടത്തുന്നതിനും ജൈവ കാർഷിക ഉൽപ്പന്നങ്ങളുടെ ഗുണങ്ങളായ സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം എന്നിവയെ കുറിച്ച് അവബോധം സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാനും ഒരു സംഘടിത സംവിധാനമെന്ന രീതിയിൽ ഒരു ജൈവ കാർഷിക മിഷൻ രൂപീകരിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വിവിധ ഉന്നതതല യോഗതീരുമാനങ്ങൾക്ക് വിധേയമായി മിഷന്റെ പ്രവർത്തനം സംബന്ധിച്ച കരട് മാർഗ്ഗരേഖ തയ്യാറാക്കുകയും ആയത് പരാമർശം (4) പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാർ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് ജൈവ കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിലേക്കായി ജൈവ കാർഷിക മിഷൻ രൂപീകരിച്ചും ഇതോടൊപ്പം

അനുബന്ധമായി ചേർത്തിരിക്കുന്ന മിഷന്റെ ഉദ്ദേശലക്ഷ്യങ്ങൾ, ഘടന, പ്രവർത്തനരീതി തുടങ്ങിയവ വിശദമാക്കുന്ന പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചും PGS സർട്ടിഫിക്കേഷൻ നടപ്പിലാക്കുന്നതിലേക്കായി റീജിയണൽ കൗൺസിൽ ആയി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള "സമേതി"യെ ഇക്കാര്യത്തിനായി ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് ഹനീഫ.എം.എം.
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും (കൃഷി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ) കേരള, തിരുവനന്തപുരം
വൈസ് ചാൻസലർ, കേരള കാർഷിക സർവകലാശാല
കാർഷിക വിഭാഗം മേധാവി, സംസ്ഥാന ആസൂത്രണ ബോർഡ്
ഡയറക്ടർ, പഞ്ചായത്ത്
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
ഡയറക്ടർ, ഫിഷറീസ്
ഡയറക്ടർ, സഹകരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മിഷൻ ഡയറക്ടർ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ
ചെയർമാൻ, സംസ്ഥാന കാർഷിക വിലനിർണ്ണയ ബോർഡ്
മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, VFPCK
സാമ്പത്തിക ആസൂത്രണകാര്യ വകുപ്പ്
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (അഗ്രി-പിബി1/28/2022)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
സാമ്പത്തിക ആസൂത്രണകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
മൃഗസംരക്ഷണ, ക്ഷീര വികസന വകുപ്പ് സെക്രട്ടറിയുടെ സി.എ-യ്ക്ക്
സഹകരണ വകുപ്പ് സെക്രട്ടറിയുടെ സി.എ-യ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

**അനുബന്ധം**

**ജൈവ  കാർഷിക മിഷൻ - പ്രവർത്തന രൂപരേഖ**

രാസ കീടനാശിനികളും രാസവളങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള കൃഷി മുറകളിൽ പ്രകൃതി വിഭവങ്ങൾ അമിതമായി ഉപയോഗിക്കേണ്ടി വരുന്നത് പരിസ്ഥിതിയേയും മനുഷ്യന്റെ ആരോഗ്യത്തെയും ദോഷകരമായി ബാധിക്കുന്നു എന്നുള്ളത് ഇന്ന് ലോകം അംഗീകരിച്ചിട്ടുള്ള വസ്തുതയാണ്. ആഗോള താപനത്തിനും കാലാവസ്ഥാവ്യതിയാനത്തിനും അമിത രാസ ഉല്പാദനോപാധികൾ ഉപയോഗിച്ചുകൊണ്ടുള്ള കൃഷിരീതികളും കാരണമായിട്ടുണ്ട്. പരിസ്ഥിതിയെ സംരക്ഷിച്ചു കൊണ്ട് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്ന കൃഷിരീതികൾ നടപ്പിലാക്കുന്നതിന് കർഷകരും വിവിധ രാജ്യങ്ങളും മുന്നോട്ടു വന്നുകൊണ്ടിരിക്കുകയാണ്. രാസ ഉല്പാദനോപാധികൾക്ക് പകരം ജൈവ ഉല്പാദനോപാധികൾ ഉപയോഗിച്ചുകൊണ്ടുള്ള ജൈവ കൃഷിയാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്.

കേരളത്തിലെ കർഷകരുടെയും പൊതുജനങ്ങളുടെയും ഇടയിൽ ജൈവ കാർഷിക ഉൽപ്പന്നങ്ങളുടെ ഗുണങ്ങളായ സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം എന്നിവയെ കുറിച്ച് അവബോധം സൃഷ്ടിച്ചുകൊണ്ട് ജൈവകൃഷി പ്രോത്സാഹിപ്പിക്കേണ്ടത് വരും തലമുറക്ക് പ്രകൃതിയെ ഇന്നത്തെ രീതിയിൽ അനുഭവയോഗ്യമാക്കുന്നതിനു അത്യാവശ്യമാണ്. ജനങ്ങൾക്ക് പോഷകസമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ജൈവ കൃഷിയിലൂടെ ഉറപ്പാക്കി മണ്ണിനെയും പരിസ്ഥിതിയെയും സംരക്ഷിച്ചുകൊണ്ട് കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിന് ആവശ്യമായ സംഭരണ സംസ്കരണ പ്രവർത്തനങ്ങളിലൂടെ മൂല്യവർദ്ധന ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സംവിധാനമൊരുക്കി വിപണി ഇടപെടലുകൾ നടത്തുക എന്ന ലക്ഷ്യം നേടുന്നതിനാണ് ജൈവ കാർഷിക മിഷൻ രൂപീകരിക്കുന്നത്. കർഷകർക്ക് അവർക്കനുയോജ്യമായ ജൈവ കാർഷിക കൃഷി മുറകൾ തിരഞ്ഞെടുക്കുന്നതിനും അവരുടെ പരമ്പരാഗത കൃഷി അറിവുകൾ കൂടി സമന്വയിപ്പിച്ചുകൊണ്ട് പ്രകൃതി സൗഹൃദ കൃഷി ചെയ്യുന്നതിന് കർഷകരെ ശാക്തീകരിക്കുക എന്ന നയ സമീപനമാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്.

കൃഷിയെ മാത്രം ആശ്രയിച്ചുള്ള ഉപജീവനമാർഗ്ഗം സ്വീകരിക്കുന്ന കർഷകർക്ക് തങ്ങളുടെ കൃഷിയിടത്തിൽ നിന്നും പരമാവധി വരുമാനം ഉറപ്പാക്കി സാമ്പത്തികഭദ്രത നേടിയെടുക്കുവാനും ഇതിനായി കൃഷി, മൃഗസംരക്ഷണം, കോഴി വളർത്തൽ, മത്സ്യ കൃഷി, തേനീച്ച കൃഷി, കൂൺ കൃഷി തുടങ്ങിയ കാർഷിക മേഖലകളെ പരസ്പരപൂരകങ്ങളായി ഏകോപിപ്പിച്ചുകൊണ്ടു സ്ത്രീകൾ, യുവജനങ്ങൾ, വിദ്യാർത്ഥികൾ, പ്രവാസികൾ എന്നിവരുടെ കൂട്ടായ്മയിൽ കൂടിയും സാമൂഹ്യ-സാംസ്കാരിക രംഗത്ത് പ്രവർത്തിച്ചു വരുന്നവർ, സന്നദ്ധസംഘടനകൾ തുടങ്ങിയ ജനവിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടും ലക്ഷ്യം കൈവരിക്കാനാണ് ജൈവ കാർഷിക മിഷൻ ഉദ്ദേശിക്കുന്നത്.

മേൽപ്പറഞ്ഞ പ്രവർത്തനങ്ങളെല്ലാം സംയോജിപ്പിച്ചുകൊണ്ട് കേരളത്തിൽ വരുന്ന അഞ്ച് വർഷം കൊണ്ട് നിശ്ചിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് ജൈവ കാർഷിക മിഷൻ വിഭാവനം ചെയ്തിട്ടുള്ളത്.

**ലക്ഷ്യങ്ങൾ**

- പരിസ്ഥിതിയെ സംരക്ഷിച്ചു കൊണ്ട് കർഷകന് ലാഭകരമായി കൃഷി മുന്നോട്ടു കൊണ്ടു പോകുന്നതിനുള്ള സുസ്ഥിര ജൈവ കൃഷി വികസന പദ്ധതി നടപ്പിലാക്കുക.

- കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള കൃഷി മുറകൾ നടപ്പിലാക്കുക.
- സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം ജൈവകൃഷിയിലൂടെ എന്ന ആശയത്തെ കുറിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക.
- വ്യത്യസ്ത കാർഷിക പാരിസ്ഥിക മേഖലയിലും യൂണിറ്റുകളിലും വരുന്ന പഞ്ചായത്തുകളെ തിരഞ്ഞെടുത്തു ജൈവ കൃഷി നടപ്പിലാക്കുക.
- ഓരോ വർഷവും കുറഞ്ഞത് 10,000 ഹെക്ടർ വീതം സ്ഥലത്തു കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ജൈവ കൃഷി വ്യാപിപ്പിച്ചുകൊണ്ട് അഞ്ച് വർഷത്തിനുള്ളിൽ കുറഞ്ഞത് 50,000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി ചെയ്യുക.
- ജൈവകൃഷിക്കായി തിരഞ്ഞെടുത്ത ഗുണഭോക്താക്കൾ/ ഫാമുകൾ കുറഞ്ഞത് അഞ്ചു വർഷം വരെയെങ്കിലും ജൈവ കൃഷി തുടരുമെന്ന് ഉറപ്പാക്കുക.
- കർഷകന്റെ കൃഷിയിടങ്ങളിൽ നിശ്ചിത അനുപാതത്തിലുള്ള ഭൂമി മാത്രം ജൈവകൃഷിയിലേയ്ക്ക് മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.
  ഫാം പ്ലാൻ മാതൃക IFS പ്ലോട്ടുകളുടെ വികസനത്തിൽ ജൈവ കൃഷി പ്രോത്സാഹിപ്പിക്കുക.
- കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ 10%-ൽ കുറയാത്ത സ്ഥലത്തു ജൈവ കൃഷി ആരംഭിക്കുക.
- ജൈവ കൃഷിയ്ക്ക് ആവശ്യമായി വരുന്ന ഉല്പാദനോപാധികൾ പ്രാദേശികമായി ഉല്പാദിപ്പിക്കുന്നതിനുള്ള ചെറുകിട സംരംഭങ്ങൾ, കൃഷിക്കൂട്ടം, കാർഷിക കർമ്മസേന, കുടുംബശ്രീ, കൃഷിശ്രീ സെന്ററുകൾ, അഗ്രോ സർവീസ് സെന്ററുകൾ എന്നിവയുടെ നേതൃത്വത്തിൽ തുടങ്ങുക.
- ജൈവ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള വിപണന സംവിധാനം ഒരുക്കുകയും ജൈവ ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിനുള്ള സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യുക.
- ജൈവ ഉല്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള സംവിധാനവും നടപടിക്രമങ്ങളും വികസിപ്പിക്കുക.
- കേരളത്തിന്റെ തനതായ ജൈവ ഉല്പന്നങ്ങൾക്ക് ലോഗോ ഉണ്ടാക്കുകയും പ്രത്യേക ബ്രാൻഡിൽ വിൽപ്പന നടത്തുന്നതിനുമുള്ള സംവിധാനം ഒരുക്കുകയും ചെയ്യുക.
- ജൈവ ഉൽപന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിന് ആവശ്യമായ സംഭരണ സംസ്കരണ മൂല്യവർദ്ധിത പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംവിധാനം ഒരുക്കുന്നതിനോടൊപ്പം ജൈവ കൃഷിയിലൂടെ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ലാഭകരമായ വില നിശ്ചയിക്കുന്നതിനും കർഷകർക്ക് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുക.
- കർഷക രജിസ്ട്രേഷൻ, ഉല്പാദന വിവരങ്ങൾ, വിപണനം, ഉറവിടം കണ്ടെത്തൽ, ബ്രാന്റിംഗ്, ഗുണനിലവാര നിയന്ത്രണം, സർട്ടിഫിക്കേഷൻ തുടങ്ങിയവയിൽ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗം കൊണ്ടുവരുന്നതിനും കാര്യക്ഷമമായ വിപണനത്തിനായുള്ള അന്തരീക്ഷം ഉറപ്പാക്കുന്നതിനും കർഷകർക്ക് ന്യായമായ വില തൽസമയം ലഭിക്കുന്നതിനുമുള്ള സംവിധാനങ്ങൾ സജ്ജമാക്കുക.
- നിലവിൽ ജൈവകൃഷി നടപ്പിലാക്കുന്നതിലുള്ള ന്യൂനതകൾ സംബന്ധിച്ച് പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കി നടപ്പിലാക്കുക.

- ജൈവകൃഷിയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള വിത്തുൾപ്പെടെയുള്ള ഉല്പാദനോപാധികളുടെ ഗുണനിലവാരം ഉറപ്പാക്കി കർഷകരിലെത്തിക്കുന്നതിനും ജൈവകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമുള്ള സംവിധാനം കൊണ്ടുവരുക.
- എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലും ജൈവകൃഷി മിഷന്റെ ഭാഗമായി പ്രത്യേക പദ്ധതികൾ കൃഷിക്കൂട്ടങ്ങളേയും FPO കളേയും യോജിപ്പിച്ചുകൊണ്ട് തയ്യാറാക്കുക. മാതൃകയായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് പ്രത്യേകം അവാർഡുകൾ നൽകുക.

<u>മിഷൻ ഘടന</u>

**1. ഗവേർണിംഗ് കൗൺസിൽ**

**2. എക്സിക്യൂട്ടീവ് കമ്മിറ്റി**

<u>ഗവേർണിംഗ് കൗൺസിലിന്റെ ഘടന</u>

ചെയർപേഴ്സൺ : ബഹു. കൃഷി വകുപ്പ് മന്ത്രി
വൈസ് ചെയർപേഴ്സൺ : കാർഷികോല്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറി
മെമ്പർ സെക്രട്ടറി : ഡയറക്ടർ (കൃഷി വകുപ്പ്)
കൺവീനർ : സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, ജൈവ കാർഷിക മിഷൻ (സർക്കാർ ചുമതലപ്പെടുത്തുന്ന അഡീഷണൽ ഡയറക്ടർ/ജോയിന്റ് ഡയറക്ടർ, കൃഷി വകുപ്പ്)

അംഗങ്ങൾ :

1. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
2. പ്രിൻസിപ്പൽ സെക്രട്ടറി, സാമ്പത്തിക ആസൂത്രണകാര്യ വകുപ്പ്
3. പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് വകുപ്പ്
4. ശ്രീ. എസ്.എം. വിജയാനന്ദ്, ചെയർമാൻ, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് & ചെയർപേഴ്സൺ, 6-ാമത് സംസ്ഥാന ധനകാര്യ കമ്മീഷൻ
5. ശ്രീ. റ്റി. വിജയകുമാർ, എക്സ് ഒഫീഷോ, സ്പെഷ്യൽ ചീഫ് സെക്രട്ടറി, നാച്ചുറൽ ഫാമിംഗ്, ആന്ധ്രാപ്രദേശ്
6. സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ് & ക്ഷീര വികസന വകുപ്പ്
7. സെക്രട്ടറി, സഹകരണ വകുപ്പ്
8. വൈസ് ചാൻസലർ, കേരള കാർഷിക സർവകലാശാല
9. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
10. ചെയർമാൻ, കോർപ്പറേഷൻ മേയേഴ്സ് അസോസിയേഷൻ
11. പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ
12. ചെയർപേഴ്സൺ, മുനിസിപ്പൽ ചെയർപേഴ്സൺ അസോസിയേഷൻ
13. പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ
14. പ്രസിഡന്റ്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ
15. APEDA പ്രതിനിധി

16. ഡയറക്ടർ / പ്രതിനിധി, നാഷണൽ സെന്റർ ഫോർ ഓർഗാനിക് & നാച്ചുറൽ ഫാർമിംഗ്, ഗാസിയാബാദ്.
17. ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഹെൽത്ത് മാനേജ്മെന്റ്, ഹൈദരാബാദ്
18. ഡയറക്ടർ, തൊഴിലുറപ്പ് പദ്ധതി
19. ചെയർമാൻ, സംസ്ഥാന കാർഷിക വിലനിർണ്ണയ ബോർഡ്
20. ഡയറക്ടർ, സമേതി

<u>സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റി</u>

സംസ്ഥാനതലത്തിൽ മിഷന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പ് മേൽനോട്ടം വഹിക്കുന്നതിനും വിവിധ വകുപ്പുകളുടെ സഹകരണം ഉറപ്പു വരുത്തുന്നതിനും കാർഷികോത്പാദന കമ്മീഷണർ / സെക്രട്ടറി, കൃഷി വകുപ്പ് / ഡയറക്ടർ, കൃഷി വകുപ്പ് മെമ്പർ സെക്രട്ടറിയായും ജൈവ കാർഷിക മിഷൻ സ്റ്റേറ്റ് കോ-ഓർഡിനേറ്റർ കൺവീനറുമായിട്ടുള്ള താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കാവുന്നതാണ്.

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
2. ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
3. ഡയറക്ടർ, ഫിഷറീസ്
4. ഡയറക്ടർ, സഹകരണ വകുപ്പ്
5. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ
6. ചെയർമാൻ, സംസ്ഥാന കാർഷിക വിലനിർണ്ണയ ബോർഡ്
7. കമ്മീഷണർ, ഫുഡ് സേഫ്റ്റി
8. മിഷൻ ഡയറക്ടർ, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ
9. മാനേജിംഗ് ഡയറക്ടർ, ഹോർട്ടികോർപ്പ്
10. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, VFPCK
11. ഡയറക്ടർ, എക്സ്റ്റൻഷൻ, കേരള കാർഷിക സർവകലാശാല
12. ഡയറക്ടർ, സമേതി
13. മാനേജിംഗ് ഡയറക്ടർ, സ്മാൾ ഫാർമേഴ്സ് അഗ്രി-ബിസിനസ് കൺസോർഷ്യം
14. പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ
15. കൃഷി അഡീഷണൽ ഡയറക്ടർ, മാർക്കറ്റിങ്, പ്ലാനിംഗ്, ക്രോപ്പ് പ്രൊഡക്ഷൻ, ഫാംസ്, എക്സ്റ്റൻഷൻ.
16. ഡയറക്ടർ ഓഫ് റിസേർച്ച്, കേരള കാർഷിക സർവകലാശാല

സംസ്ഥാനത്ത് ജൈവ കാർഷിക മിഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ സാങ്കേതികാനുമതി നൽകൽ, പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടം, സാങ്കേതിക ഉപദേശം നൽകൽ എന്നിവയ്ക്കുള്ള അധികാരം ഈ കമ്മിറ്റിയ്ക്ക് ആയിരിക്കും.

<u>ജില്ലാതല കോർഡിനേഷൻ കമ്മിറ്റി</u>

മിഷന്റെ പ്രവർത്തനങ്ങൾ വിശകലനം/ അവലോകനം ചെയ്യുന്നതിനുള്ള സംവിധാനം ഉറപ്പ വരുത്തി, ആവശ്യമായ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുക, ജില്ലാതലത്തിൽ ജൈവ കാർഷിക മിഷന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിനും അവലോകനം ചെയ്യുന്നതിനും ജില്ലാതലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും പ്രോജക്ട് ഡയറക്ടർ, ആത്മ കൺവീനറായും, പ്രിൻസിപ്പൽ കൃഷി ഓഫീസർ, വി.എഫ്.പി.സി.കെ ജില്ലാ പ്രതിനിധി, പ്രോജക്ട് ഡയറക്ടർ MGNREGS, കേരള കാർഷിക സർവ്വകലാശാല പ്രതിനിധി, കൃഷി വിജ്ഞാന കേന്ദ്രം പ്രതിനിധി, കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ, ഫാർമേഴ്സ് പ്രൊഡ്യൂസ് ഓർഗനൈസേഷൻ പ്രതിനിധികൾ - 2 പേർ, ജൈവകൃഷി മേഖലയിലെ വിദഗ്ധർ - 3 പേർ, കർഷക പ്രതിനിധികൾ - 3 പേർ, ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ജില്ലാ ഓഫിസർ, മൃഗസംരക്ഷണ വകുപ്പ്, ജില്ലാ ഓഫിസർ, ഫിഷറീസ് വകുപ്പ്, ജില്ലാ ഓഫിസർ, സഹകരണ വകുപ്പ് എന്നിവരെ ഉൾപ്പെടുത്തി ജില്ലാതല കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കണം. ഡെപ്യൂട്ടി ഡയറക്ടർ (NWDPRA) ഈ കമ്മിറ്റിയുടെ കോ-കൺവീനർ ആയിരിക്കും.

**<u>ബ്ലോക്ക് തല കോർഡിനേഷൻ കമ്മിറ്റി</u>**

ബ്ലോക്ക് തലത്തിൽ ജൈവ മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും, പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും വിവിധ വകുപ്പുകളുടെ സഹകരണം ഉറപ്പ് വരുത്തുന്നതിനും, ബ്ലോക്ക് തലത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും, നോഡൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ബ്ലോക്കിലെ കൃഷി ഓഫീസർമാർ, ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ പ്രതിനിധി, ജൈവകൃഷി മേഖലയിലെ വിദഗ്ധർ -2, കർഷക പ്രതിനിധികൾ -2, അനുബന്ധ വകുപ്പ് ഉദ്യോഗസ്ഥർ, ബ്ലോക്ക് കോ-ഓർഡിനേറ്റർ MGNREGS, കേരള കാർഷിക സർവകലാശാല പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി ബ്ലോക്ക് തല കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കണം. കമ്മിറ്റിയുടെ ചെയർമാൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും കൺവീനർ അസിസ്റ്റന്റ് ഡയറക്ടറും ആയിരിക്കും.

**<u>ഗ്രാമ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തല കോർഡിനേഷൻ കമ്മിറ്റി</u>**

പഞ്ചായത്ത് തലത്തിൽ ജൈവ കാർഷിക മിഷന്റെ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും, കൃഷി ഓഫീസർ, സി.ഡി.എസ് ചെയർപേഴ്സൺ, അനുബന്ധ വകുപ്പ് ഉദ്യോഗസ്ഥർ, കൃഷി കൂട്ടത്തിന്റെ പ്രതിനിധികൾ - 3, ജൈവ കർഷക പ്രതിനിധികൾ -2, MGNREGS ഉദ്യോഗസ്ഥൻ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും കൃഷി ഓഫീസർ കൺവീനറും ആയിട്ടുള്ള പഞ്ചായത്ത് തല കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കണം.

**<u>പ്രവർത്തനങ്ങൾ</u>**

ജൈവ മിഷൻ മുന്നോട്ടു വെച്ചിട്ടുള്ള ലക്ഷ്യങ്ങൾ നേടുന്നതിന് താഴെ പറയുന്ന പ്രവർത്തനങ്ങൾ

ഏറ്റെടുത്ത് നടത്തേണ്ടതുണ്ട്.

## I. വിവിധ തരത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങളുടെ നടത്തിപ്പും ഏകോപനവും.

1. കൃഷിക്കൂട്ടങ്ങൾ/ജൈവ കർഷക സ്വയംസഹായ സംഘങ്ങൾ/ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ , കർഷകർ എന്നിവരെ സംഘടിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യുക.
2. മണ്ണിനെ പുനരുജ്ജീവിപ്പിച്ചു കൊണ്ട് ജലം, മണ്ണിന്റെ ഉത്പാദനക്ഷമത, ജൈവ വൈവിധ്യം എന്നിവ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുക.
3. കർഷകർക്ക് ജൈവകാർഷിക മുറകളെ പരിചയപ്പെടുത്തുന്നതിനുള്ള മാതൃക കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുക.
4. ഓരോ കാർഷിക പാരിസ്ഥിതിക മേഖലയ്ക്കും അനുയോജ്യമായ ജൈവ കാർഷിക മുറകൾ കണ്ടെത്തി കർഷകർക്ക് ലാഭകരമായ രീതിയിൽ ജൈവ കൃഷി ചെയ്യുന്നതിനുള്ള സഹായം നൽകുക.
5. സംസ്ഥാന ബയോ കൺട്രോൾ ലബോറട്ടറി, തൃശൂർ, പാരസൈറ്റ് ബ്രീഡിങ് സ്റ്റേഷനുകൾ, സെന്റർ ഫോർ പെസ്റ്റ് മാനേജ്മന്റ്, ആലപ്പുഴ, ബയോ ഫെർട്ടിലൈസർ & ഓർഗാനിക് മാനുവർ ക്വാളിറ്റി കൺട്രോൾ ലാബ്, പട്ടാമ്പി, കാർഷിക സർവകലാശാല ലാബ് എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തങ്ങൾ ജൈവ കൃഷി മിഷന്റെ പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ചു നടപ്പിലാക്കുക.
6. ജൈവ കൃഷിയെ അതിജീവന കൃഷിയിൽ നിന്നും ലാഭകരമായ കൃഷിയായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.
7. വിപണന സംവിധാനം മെച്ചപ്പെടുത്തുന്നതിന് ഇതര സംസ്ഥാനങ്ങളിലും ദേശീയ-അന്താരാഷ്ട്ര തലത്തിലുമുള്ള പ്രോട്ടോക്കോളുകളുമായി യോജിച്ച് പോകുന്ന വിധത്തിൽ സംസ്ഥാനത്ത് ജൈവ കൃഷി പ്രോട്ടോക്കോൾ നടപ്പിലാക്കുക.
8. മൂല്യവർദ്ധിത കൃഷിയിൽ ജൈവ ഉൽപ്പന്നങ്ങൾക്ക് പ്രാധാന്യം നൽകി മൂല്യവർദ്ധിത കൃഷിക്കൂട്ടങ്ങളെ ഉപയോഗിച്ച് പദ്ധതി ആസൂത്രണം ചെയ്യുക.

## II. ജൈവ ഉൽപ്പന്നങ്ങളുടെ സംഭരണത്തിനും സംസ്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള പ്രവർത്തനങ്ങൾ

1. ജൈവ കൃഷിയിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സംഭരണ കേന്ദ്രങ്ങൾ ഒരുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.
2. കൃഷിക്കൂട്ടം/കർഷക സ്വയം സഹായ സംഘങ്ങൾ/ കർഷക ഉത്പാദക സംഘങ്ങൾ/ വനിതാ കർഷക സംഘങ്ങൾ എന്നിവ വഴി ജൈവ കാർഷിക ഉൽപ്പന്നങ്ങൾ സംഭരിച്ചു സംസ്കരിച്ചു മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക. ഇവയെ മൂല്യവർദ്ധിത കൃഷിയുമായി ഏകോപിപ്പിക്കുക.
3. ജൈവ കാർഷിക ഉല്പന്നങ്ങൾക്കായി സംഭരണ-സംസ്കരണ-മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം നൽകുക.

**III. ജൈവ കാർഷിക ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുള്ള വിപണന സംവിധാനമൊരുക്കുക.**

1. ജൈവ കാർഷിക ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് പ്രത്യേക വിപണന സംവിധാനം ഏർപ്പെടുത്തുക. ഇതിനായി പഞ്ചായത്ത് തലത്തിൽ ഇക്കോ ഷോപ്പുകളും ബ്ലോക്ക് - ജില്ലാ തലങ്ങളിൽ ജൈവ സൂപ്പർമാർക്കറ്റുകളും സ്ഥാപിക്കുക. ഇതിനായി സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങളെ ഫലപ്രദമായി ഉപയോഗിക്കുക.
2. കേരളത്തിൽ ജൈവ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിന് സംസ്ഥാന തലത്തിലെ സർട്ടിഫയിംഗ് ഏജൻസിയെ പ്രയോജനപ്പെടുത്തുക.
3. കേരളത്തിന് പുറത്ത് ജൈവ ഉൽപ്പന്നങ്ങൾ വിൽക്കേണ്ട സാഹചര്യം വരുമ്പോൾ അനുയോജ്യമായ സർട്ടിഫയിംഗ് സംവിധാനം (PGS or NPOP) നേടിയെടുക്കുന്നതിന് ജൈവ കർഷകരെ സഹായിക്കുക.
4. ജൈവ ഉൽപ്പന്നങ്ങൾ വിദേശ വിപണികളിൽ കയറ്റുമതി നടത്തുന്നതിനുള്ള സാധ്യതകളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുകയും കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുകയും ചെയ്യുക.

<u>**നിർവ്വഹണ സംവിധാനം**</u>

<u>**സംസ്ഥാന ജൈവ കാർഷിക മിഷൻ**</u>

കൃഷി ഡയറക്ടർ സംസ്ഥാന ജൈവ കാർഷിക മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറായിരിക്കും. ജൈവ കാർഷിക മിഷൻ സ്റ്റേറ്റ് കോ-ഓർഡിനേറ്റർ പദ്ധതി നടത്തിപ്പിന്റെ സംസ്ഥാനതല നോഡൽ ഓഫീസറായി പ്രവർത്തിക്കും. സംസ്ഥാന തലത്തിൽ പദ്ധതി നടത്തിപ്പ് ചുമതല എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. പദ്ധതി നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനമുള്ള പ്രൊഫഷനലുകളെയും വിദഗ്ദരെയും സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും, ബ്ലോക്ക് തലത്തിലും നിയമിക്കണം. മിഷൻ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുന്നതിന് മിഷന്റെ പ്രവർത്തനങ്ങൾക്കായി പ്രത്യേകമായിത്തന്നെ ഉദ്യോഗസ്ഥരെ നൽകേണ്ടതാണ്.

മിഷൻ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ട് പോകുന്നതിന് നിലവിൽ വകുപ്പിന് കീഴിലുള്ള ഉദ്യോഗസ്ഥരെ താഴെ വിശദീകരിക്കും പ്രകാരം തസ്തിക മാറ്റം വഴിയോ അധിക ചുമതല നൽകിയോ നിലവിലുള്ള തസ്തികകളുടെ പുനർവിന്യാസത്തിലൂടെയോ നിയമിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ട ചുമതല കൃഷി ഡയറക്ടർ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്..

**I. സംസ്ഥാന തലം**

**മിഷൻ സ്റ്റേറ്റ് കോ-ഓർഡിനേറ്റർ –** കൃഷി വകുപ്പിലെ സർക്കാർ ചുമതലപ്പെടുത്തുന്ന അഡീഷണൽ ഡയറക്ടർ/ ജോയിന്റ് ഡയറക്ടർ തസ്തികയിലുള്ള ഉദ്യോഗസ്ഥൻ ഈ ചുമതല വഹിക്കേണ്ടതാണ്.

**സ്റ്റേറ്റ് അഡീഷണൽ കോർഡിനേറ്റർ –** റീജണൽ ബയോ ഗ്യാസ് ഡെവലൊപ്മെൻറ് &

ട്രെയിനിങ് സെന്റർ വെള്ളായണിയിലെ കൃഷി ഡെപ്യൂട്ടി ഡയറക്ടറെ സ്റ്റേറ്റ് അഡീഷണൽ കോർഡിനേറ്ററായി നിയമിച്ച് മിഷന്റെ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

**സ്റ്റേറ്റ് അസിസ്റ്റന്റ് കോർഡിനേറ്റർ 1 —** കൃഷി ഡയറക്ടറേറ്റിൽ ഇപ്പോൾ ഓർഗാനിക് സെല്ലിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറെ ഈ ചുമതല ഏലപ്പിക്കേണ്ടതാണ്. നിലവിൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന ജൈവ കൃഷി പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് ഉൽപാദനം, പരിശീലനം, ജൈവ ഉല്പാദനോപാധികൾ ലഭ്യമാക്കൽ, എന്നീ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ സ്റ്റേറ്റ് അസിസ്റ്റന്റ് കോർഡിനേറ്റർ 1 ന്റെ ഉത്തരവാദിത്വത്തിൽ ആയിരിക്കും.

**സ്റ്റേറ്റ് അസിസ്റ്റന്റ് കോർഡിനേറ്റർ 2 —** കൃഷി ഡയറക്ടറേറ്റിൽ ഇപ്പോൾ ബയോ ഗ്യാസിന്റെ ചുമതല വഹിക്കുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടറെ ഈ ചുമതല ഏല്പിക്കേണ്ടതാണ്. ജൈവ ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം, ജൈവ സർട്ടിഫിക്കേഷൻ, കേരളത്തിന്റെ തനതു ബ്രാൻഡിൽ ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള നടപടി സ്വീകരിക്കൽ, സാമ്പത്തിക സഹായം ലഭ്യമാക്കൽ, ജൈവ കൃഷി മേഖലയുമായി ബന്ധപ്പെട്ട ഗവേഷണവും വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവ സ്റ്റേറ്റ് അസിസ്റ്റന്റ് കോർഡിനേറ്റർ 2 ന്റെ ഉത്തരവാദിത്വത്തിൽ ആയിരിക്കും.

**ടെക്നോളജി മാനേജർ —** നിലവിൽ കൃഷി ഡയറക്ടറേറ്റിൽ കരാർ വ്യവസ്ഥയിൽ ഓർഗാനിക് സെല്ലിൽ ജോലി നോക്കുന്ന ടെക്നോളജി മാനേജറെ സ്റ്റേറ്റ് അസിസ്റ്റന്റ് കോർഡിനേറ്റർ 1 നെ സഹായിക്കുന്നതിനായി ചുമതലപ്പെടുത്താവുന്നതാണ്.

**ഫെസിലിറ്റേറ്റർ —** നിലവിൽ കൃഷി ഡയറക്ടറേറ്റിൽ കരാർ വ്യവസ്ഥയിൽ ഓർഗാനിക് സെല്ലിൽ ജോലി നോക്കുന്ന 2 ഫെസിലിറ്റേറ്റർമാരെ സ്റ്റേറ്റ് അസിസ്റ്റന്റ് കോർഡിനേറ്റർ 1 നെ സഹായിക്കുന്നതിനായി ചുമതലപ്പെടുത്താവുന്നതാണ്.

**ജൂനിയർ സൂപ്രണ്ട്** - ജൈവ കാർഷിക മിഷനുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് സ്റ്റേറ്റ് അസിസ്റ്റന്റ് കോർഡിനേറ്റർ 2 നു കീഴിൽ ഒരു ജൂനിയർ സൂപ്രണ്ടിനെ കൃഷി ഡയറക്ടറേറ്റിൽ നിന്ന് തസ്തിക മാറ്റം വഴിയോ അധിക ചുമതല നൽകിയോ നിയമിക്കണം.

**ക്ലാർക്ക്** - ജൈവ കാർഷിക മിഷനുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് സ്റ്റേറ്റ് അസിസ്റ്റന്റ് കോർഡിനേറ്റർ 2-നു കീഴിൽ ഒരു ക്ലാർക്കിനെ കൃഷി ഡയറക്ടറേറ്റിൽ നിന്ന് തസ്തിക മാറ്റം വഴിയോ അധിക ചുമതല നൽകിയോ നിയമിക്കണം.

**II. ജില്ലാ തലം**

മിഷന്റെ ജില്ലാ കോ-ഓർഡിനേറ്ററായി പ്രൊജക്റ്റ് ഡയറക്ടർ, ആത്മ പ്രവർത്തിക്കേണ്ടതാണ്. പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കീഴിൽ നിലവിൽ ഓർഗാനിക് സെല്ലിന്റെ ചുമതല വഹിക്കുന്ന കൃഷി ഡെപ്യൂട്ടി ഡയറക്ടർ, കരാർ വ്യവസ്ഥയിൽ ഓർഗാനിക് സെല്ലിന് കീഴിൽ ജോലി നോക്കുന്ന ടെക്നോളജി മാനേജർ, ഫെസിലിറ്റേറ്റർ എന്നിവരുടെയും അസിസ്റ്റന്റ് ഡയറക്ടർ (മാർക്കറ്റിംഗ്) ന്റെയും ആത്മ ജില്ലാതല ഉദ്യോഗസ്ഥരുടെയും സേവനം

ഉപയോഗപ്പെടുത്തിക്കൊണ്ടു ജില്ലാ തലത്തിലുള്ള പ്രവർത്തനങ്ങൾ ജില്ലാ കോ-ഓർഡിനേറ്റർ ഏകോപിപ്പിക്കണം.

**III. ബ്ലോക്ക് തലം**

നിലവിൽ കൃഷി വകുപ്പിനു ബ്ലോക്ക് തലത്തിൽ ലഭ്യമായിട്ടുള്ള ഉദ്യോഗസ്ഥ സംവിധാനം ഉപയോഗിച്ചുകൊണ്ടു ബ്ലോക്ക് തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതാണ്. ഇതിനാവശ്യമായ നടപടികൾ പ്രോജക്ട് ഡയറക്ടർ, ആത്മ കൈക്കൊള്ളേണ്ടതാണ്.

**IV. പഞ്ചായത്ത് തലം**

നിലവിൽ കൃഷി വകുപ്പിനു പഞ്ചായത്ത് തലത്തിൽ ലഭ്യമായിട്ടുള്ള ഉദ്യോഗസ്ഥ സംവിധാനം ഉപയോഗിച്ചുകൊണ്ടു പഞ്ചായത്ത് തലത്തിൽ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

ജൈവ കാർഷിക മിഷൻ മുന്നോട്ടു വയ്ക്കുന്ന ലക്ഷ്യങ്ങൾ നേടുന്നതിന് സമഗ്രമായ ആക്ഷൻ പ്ലാൻ സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ബ്ലോക്ക്/പഞ്ചായത്ത് തലത്തിലും തയ്യാറാക്കണം. ഓരോ തലത്തിലും നടത്തേണ്ട പ്രവർത്തനങ്ങൾ വ്യക്തമാക്കി, അവ ഏകോപിപ്പിച്ച് പ്രവർത്തനതലത്തിൽ കൊണ്ട് വരണം. ആയതിനായി സംസ്ഥാന തലം മുതൽ പഞ്ചായത്ത് തലം വരെ നടത്തേണ്ട പ്രവർത്തനങ്ങളുടെ രൂപരേഖ ബന്ധപ്പെട്ട വിവിധ വകുപ്പുകളുമായി ചർച്ച നടത്തി തയ്യാറാക്കേണ്ടതും അതനുസരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോകേണ്ടതുമാണ്. ജൈവ കാർഷിക മിഷൻ മുന്നോട്ടുവെക്കുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഓരോ തലത്തിലും നടത്തേണ്ട പ്രവർത്തനങ്ങൾ താഴെ പറയുന്നു.

**സംസ്ഥാന തലം**

- സംസ്ഥാന തലത്തിൽ ജൈവ കാർഷിക മിഷന്റെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ആവശ്യമായ ധനസ്രോതസ്സ് കണ്ടെത്തി പദ്ധതി നടത്തിപ്പിന് നേതൃത്വം നൽകുകയും ചെയ്യുക.
- ഓരോ വർഷവും നടത്തേണ്ട പ്രവർത്തനങ്ങളുടെ വാർഷിക പ്രവർത്തന പ്ലാൻ തയ്യാറാക്കുകയും Technical Protocol അനുസരിച്ചു മുന്നോട്ടു കൊണ്ടു പോകുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
- ഇപ്പോൾ കൃഷി വകുപ്പും മറ്റു വകുപ്പുകളും നടപ്പിലാക്കി വരുന്ന ജൈവ കൃഷി പദ്ധതികൾ ഏകോപിപ്പിച്ചു ജൈവ കാർഷിക മിഷന്റെ കീഴിൽ കൊണ്ടു വരിക.
- ഹരിത പോഷക മിഷനുമായി പദ്ധതി സംയോജനം നടത്തുക.
- ജൈവ കാർഷിക മിഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
- കർഷകർക്ക് ജൈവ ഉല്പാദനോപാധികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- ജൈവ സർട്ടിഫിക്കറ്റ് നൽകുന്നതിനാവശ്യമായ നടപടി ക്രമങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- മൂല്യവർദ്ധിത കാർഷിക മിഷനുമായും കേരള അഗ്രോ ബിസിനസ്സ് കമ്പനിയുമായും ചേർന്ന്

ജൈവ ഉൽപ്പങ്ങൾ പ്രോട്ടോകോൾ പ്രകാരം ഉൽപ്പാദിപ്പിക്കുന്നതിനും കൃഷി വകുപ്പിന്റെ 'കേരളാഗ്രോ' ബ്രാൻഡിൽ കയറ്റുമതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- പദ്ധതി നടത്തിപ്പിന്റെ അവലോകനവും വിശകലനവും വിലയിരുത്തലും ആവശ്യമായി വരുന്ന ഗവേഷണങ്ങൾ സംഘടിപ്പിക്കുക.

**ജില്ലാ തലം**

ജൈവ കാർഷിക മിഷൻ സമഗ്രമായ ജില്ലാ തല ആക്ഷൻ പ്ലാൻ ജില്ലാ കോ-ഓർഡിനേറ്റർ തയ്യാറാക്കുകയും അതനുസരിച്ച് പദ്ധതി നടപ്പിൽ വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമുള്ള ഉത്തരവാദിത്വം ജില്ലാ കോ-ഓർഡിനേറ്ററുടെ നേതൃത്വത്തിലുള്ള ജില്ലാതല ജൈവ കാർഷിക മിഷൻ ഉദ്യോഗസ്ഥർക്ക് ആയിരിക്കും.ജൈവ കാർഷിക മിഷന്റെ ജില്ലാതല ഉദ്യോഗസ്ഥ സംവിധാനം പ്രിൻസിപ്പൽ കൃഷി ഓഫിസർ, പ്രൊജക്റ്റ് ഡയറക്ടർ, ആത്മ എന്നിവർ ചേർന്ന് രൂപീകരിക്കേണ്ടതാണ്. ജില്ലാതലത്തിൽ ഏറ്റെടുത്ത് നടത്തേണ്ട പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

- ജില്ലാ തലത്തിൽ ജൈവകൃഷി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
  കാർബൺ തുലിതാ കൃഷി പ്രോത്സാഹിപ്പിക്കുക.
- ഹരിത പോഷക മിഷനുമായി പ്രവർത്തനം ഏകോപിപ്പിക്കുക.
  ജൈവ കൃഷിയുടെ സാധ്യതയനുസരിച്ച് ജൈവ കാർഷിക മിഷന്റെ പ്രവർത്തനങ്ങൾ നടത്തേണ്ട പ്രദേശങ്ങളുടെ മുൻഗണനാ ക്രമം നിശ്ചയിക്കുക.
- ജില്ലയിൽ ജൈവ ഉൽപ്പന്നങ്ങൾ സംഭരിച്ച മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി വിപണനം നടത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഏകോപനം നടത്തുക.
- ജില്ലാ തലത്തിൽ ജൈവ ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള സംവിധാനമൊരുക്കുക.
- ജൈവ ഉല്പന്നങ്ങൾക്ക് ജൈവ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- കർഷകർക്കും കർഷക ഉൽപാദന സംഘങ്ങൾക്കും ജൈവ ഉൽപ്പന്നങ്ങൾ സംഭരിച്ച മൂല്യ വർദ്ധനവിനുള്ള സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം നൽകുകയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി നൽകുകയും ചെയ്യുക.
- ജൈവ കൃഷി നടത്തുന്ന കർഷകരുടെ കൃഷി രീതികൾ പരിശോധിച്ച് കർഷകരുമായും കൃഷിക്കൂട്ടങ്ങളുമായും വിദഗ്ദരുമായും ചർച്ചകൾ നടത്തി, മെച്ചപ്പെട്ട കൃഷി മുറകൾ പ്രായോഗിക തലത്തിൽ കൊണ്ട് വരിക.

**ബ്ലോക്ക് തലം**

ബ്ലോക്ക് തലത്തിൽ കർഷകരെയും കൃഷിക്കൂട്ടങ്ങളേയും സംഘടിപ്പിച്ച് ജൈവ കാർഷിക മിഷൻ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തേണ്ട ഉത്തരവാദിത്വം അസിസ്റ്റന്റ് കൃഷി ഡയറക്ടർക്കായിരിക്കും. ഇതിനായി BLAKC-ന്റെ സേവനവും പ്രയോജനപ്പെടുത്താവുന്നതാണ്. ബ്ലോക്ക് തലത്തിൽ ഏറ്റെടുത്തു നടത്തേണ്ട പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.

- വിവിധ രീതിയിലുള്ള കൃഷികൂട്ടങ്ങൾ രൂപീകരിച്ച് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ജൈവ കൃഷി നടത്തുന്നതിനും ഉല്പാദിപ്പിക്കുന്ന ജൈവ ഉൽപ്പന്നങ്ങൾ സംഭരിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക.

- മൂല്യ വർദ്ധിത കാർഷിക മിഷനുമായി ചേർന്ന് പദ്ധതികൾ ആസൂത്രണം ചെയ്യുക.
- ജൈവ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും ബ്ലോക്ക് തലത്തിൽ വിപണനം നടത്തുന്നതിനുള്ള സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങളെ സജ്ജമാക്കുക.
- ജൈവ ഉൽപ്പന്നങ്ങളുടെ ഗുണങ്ങളെക്കുറിച്ച് പൊതു ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ക്യാമ്പയിനുകൾ സംഘടിപ്പിക്കുക.
- കാർബൺ തുലിതാ കൃഷി പ്രോത്സാഹിപ്പിക്കുക.
- ഹരിത പോഷക മിഷനുമായി ഏകോപിപ്പിച്ച് പ്രവർത്തനം ആസൂത്രണം ചെയ്യുക.

**പഞ്ചായത്ത് തലം**

കർഷകരെയും കൃഷിക്കൂട്ടങ്ങളെയും സംഘടിപ്പിച്ച് ജൈവ കാർഷിക മിഷൻ പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ ഏറ്റെടുത്തു നടത്തേണ്ട ഉത്തരവാദിത്വം കൃഷി ഓഫീസർക്കായിരിക്കും. പഞ്ചായത്ത് തലത്തിൽ ഏറ്റെടുത്തു നടത്തേണ്ട പ്രവർത്തനങ്ങൾ താഴെ പറയുന്നു.

- പഞ്ചായത്തിൽ ജൈവകൃഷിക്ക് സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി കൃഷിക്കൂട്ടങ്ങൾ സംഘടിപ്പിച്ചു ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും നിലവിൽ ജൈവകൃഷി ചെയ്യുന്ന കർഷകരെ മിഷന്റെ പ്രവർത്തനങ്ങളുടെ കീഴിൽ കൊണ്ടുവരികയും ചെയ്യുക.
- കർഷകർക്ക് ജൈവ ഉല്പാദനോപാധികൾ വാങ്ങുന്നതിനും ജൈവ കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിനും ബന്ധപ്പെട്ട പദ്ധതി വിഹിതത്തിൽ നിന്നും/ പൊതുസ്വഭാവമുള്ള പദ്ധതി വിഹിതത്തിൽനിന്നും തുക കണ്ടെത്തി സഹായം അനുവദിക്കുക.
- ജൈവകൃഷിക്കായി തിരഞ്ഞെടുത്ത കൃഷിയിടങ്ങളിൽ മണ്ണ് പരിശോധന നടത്തി സോയിൽ ഹെൽത്ത് കാർഡുകൾ നൽകുക.
- കാർഷിക യന്ത്രവൽക്കരണത്തിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക. ഇതിനായി സേവന മേഖലയിലെ കൃഷികൂട്ടങ്ങളെ സജ്ജമാക്കുക.
- കാർബൺ തുലിതാ കൃഷി പ്രോത്സാഹിപ്പിക്കുക.
- ജൈവകൃഷി നടത്തുന്നതിനായി കർഷകരെ രജിസ്റ്റർ ചെയ്യിക്കുകയും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും കൃഷിഭവനിൽ സൂക്ഷിക്കുകയും ചെയ്യുക.
- കർഷകർ/കൃഷിക്കൂട്ടങ്ങൾ ജൈവ കാർഷിക മുറകൾ നടപ്പിലാക്കുന്നത് പരിശോധിക്കുന്നതിനായി ഓരോ കർഷകന്റെ കൃഷിയിടത്തിലെ വിവരങ്ങളും കർഷകൻ അനുവർത്തിക്കുന്ന കാർഷിക മുറകൾ, ഉപയോഗിക്കുന്ന ഉല്പാദനോപാധികൾ, ലഭിച്ച പരിശീലനങ്ങൾ, പരിശോധന സംബന്ധിച്ച് വിവരങ്ങളടങ്ങിയ രജിസ്റ്റർ കർഷകൻ സൂക്ഷിക്കുന്നു എന്ന് ഉറപ്പുവരുത്തുക.
- കർഷകരുടെ/കൃഷിക്കൂട്ടങ്ങളുടെ കൃഷിയിടങ്ങളിൽ പരിശോധന നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ കമ്മിറ്റി രൂപീകരിച്ചു കൃഷിയിടങ്ങളിലെ പരിശോധന കൃത്യമായ ഇടവേളകളിൽ നടത്തുക.
- കർഷകർക്ക്/കൃഷിക്കൂട്ടങ്ങൾക്ക് പഞ്ചായത്തുതലത്തിൽ ഉൽപ്പാദനം വർധിപ്പിക്കുന്നതിനും അവരുടെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനുമുള്ള സംവിധാനമൊരുക്കുക. ഇതിനായി സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങളെ സജ്ജമാക്കുക.

**<u>സർട്ടിഫിക്കേഷൻ സംവിധാനം</u>**

- PGS സർട്ടിഫിക്കേഷൻ നടപ്പിലാക്കുന്നത് കേന്ദ്ര സർക്കാർ റീജിയണൽ കൗൺസിൽ ആയി അംഗീകരിച്ചിട്ടുള്ള "സമേതി" ആയിരിക്കും
- NPOP സർട്ടിഫിക്കേഷൻ ബന്ധപ്പെട്ട ഏജൻസികൾ മുഖാന്തിരം നടപ്പിലാക്കുന്നതാണ്.

**സാമ്പത്തിക സ്രോതസ്സ്**

കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ ജൈവ കാർഷിക വികസന പദ്ധതികൾ (പരമ്പരാഗത കൃഷി വികാസ് യോജന, ഭാരതീയ പ്രകൃതി കൃഷി പദ്ധതി, ജൈവകൃഷി വികസന പദ്ധതി, RKVY, ഫാം പ്ലാൻ സഹായം, MIDH) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, അനുബന്ധ വകുപ്പുകളുടെ കാർഷിക മേഖലയിലെ പ്രവർത്തങ്ങൾ ഏകോപിപ്പിച്ച് ജൈവ കാർഷിക മിഷന്റെ കീഴിൽ കൊണ്ട് വരികയും മിഷന്റെ ലക്ഷ്യങ്ങൾ നേടുന്നതിനായി പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്യണം. കേന്ദ്രസർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും സുസ്ഥിര കൃഷി വികസനം, കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള കൃഷിരീതികൾക്കുള്ള സഹായം, പരമ്പരാഗത കൃഷി വികാസ് യോജന, ഭാരതീയ പ്രകൃതി കൃഷി പദ്ധതി എന്നീ ഘടകങ്ങൾക്കു നൽകുന്ന ഫണ്ടിൽ നിന്നും സഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ടും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സേവനങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്ത് തലത്തിൽ പദ്ധതികൾ രൂപീകരിക്കുന്നതിന് മാതൃകാ പദ്ധതികൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും തയ്യാറാക്കി കാർഷിക പാരിസ്ഥിക യൂണിറ്റുകൾക്ക് അനുസൃതമായി ബ്ലോക്ക് തല ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണ്.സംയോജനം കാര്യക്ഷമമാകുന്നു എന്ന് സംസ്ഥാനതലത്തിൽ അഡീഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ), ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, ബ്ലോക്ക് തലത്തിൽ അസിസ്റ്റന്റ് ഡയറക്ടർ എന്നിവർ ഉറപ്പാക്കേണ്ടതാണ്. സംസ്ഥാന വിഹിതമായി ലഭിക്കുന്ന ഫണ്ടിൽ നിന്നും മിഷന്റെ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തികം കണ്ടെത്തേണ്ടതാണ്.